**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2146** **13-09-2023 - ൽ മറുപടിയ്ക്ക്**

**അന്യസംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എത്തുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വിശദാംശങ്ങൾ, താമസസ്ഥലം എന്നിവ സംബന്ധിച്ച വിവരങ്ങൾ തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ അറിയിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ സ്റ്റേഷൻ ഹൗസ ഓഫീസർമാരും അവരവരുടെ പോലീസ സ്റ്റേഷൻ പരിധിയിൽ അതിഥ തൊഴിലാളികളെ ജോലിയ്ക്ക് നിയോഗിക്കുന്ന തൊഴിൽ ദാതാക്കളോട് അവരുടെ കൂടെയുള്ള അതിഥി തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാൻ സംസ്ഥാന പോലീസ് മേധാവി എക്സിക്യൂട്ടീവ് ഡയറക്ടീവ നം.13/2009 പ്രകാരം നിർദ്ദേശ നൽകിയിട്ടുണ്ട്.<br><br>അതോടൊപ്പം ഇതര സംസ്ഥാന തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനും സോണൽ ഐ.ജി.മാർ, റേഞ്ച് ഡി.ഐ.ജി.മാർ, ജില്ല പോലീസ് മേധാവിമാർ എന്നിവർക്ക അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ പോലീസ് (Law & Order) നിർദ്ദേശ നൽകിയിട്ടുണ്ട്. അപ്രകാരമുള്ള നടപടിക്രമങ്ങൾ ത്വരിത ഗതിയിൽ പുരോഗമിച്ചു വരികയാണ്.<br><br>മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തി അവരെ കർശനമായി നിരീക്ഷിക്കുന്നതിനുള്ള നടപടികളും പോലീസ സ്വീകരിച്ചു വരുന്നുണ്ട്.<br><br>**രജിസ്ട്രേഷനുള്ള നടപടികൾ**<br><br>ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ |

| | | | |
|---|---|---|---|
| | | | സേവന വ്യവസ്ഥകൾക്കുമായി കേന്ദ്ര നിയമ 1979-ലെ Interstate Migrant Workers (Regulations of Employment and Conditions of Service) Act പ്രകാര അഞ്ചോ അതിലധികമോ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനവും രജിസ്റ്റർ ചെയ്യേണ്ടത നിർബന്ധമാണ്. അതോടൊപ്പ കരാറുകാരനും ലൈസൻസ് നേടേണ്ടതുണ്ട്. |
| (ബി) | ഇത് കൃത്യമായി പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | പോലീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് മേൽ ഉദ്യോഗസ്ഥർ പരിശോധിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ